National Games KERALA 2015
31 Jan - 14 Feb

Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India

Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

നാഷണൽ ഗെയിംസ്;

## റൺ കേരള റൺ: മലയാളികൾ ഓടും സച്ചിനൊപ്പം

തിരുവനന്തപുരം; 13 ജനുവരി 2015: മുപ്പത്തിയഞ്ചാമതു ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥം സംഘടിപ്പിക്കുന്ന 'റൺ കേരള റൺ' ഇരുപതാം തീയതി 10.30ന് കേരള ഗവർണ്ണർ ജസ്റ്റിസ് പി. സദാശിവം തിരുവനന്തപുരത്ത് ഫ്ളാഗ് ഓഫ് ചെയ്യും. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദനും പങ്കെടുക്കുന്ന കൂട്ടയോട്ടം ക്രിക്കറ്റ് ഇതിഹാസം സച്ചിൻ തെൻഡുൽക്കർ നയിക്കും. കേരളമൊട്ടാകെ ഒരു കോടി പേർ കൂട്ടയോട്ടത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരത്ത് സംഘടിപ്പിച്ച പത്രസമ്മേളനത്തിൽ കായിക വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇക്കാര്യം അറിയിച്ചത്.

സെക്രട്ടേറിയേറ്റിന്റെ സൗത്ത് ഗേറ്റ് മുതൽ കന്റോൺമെന്റ് ഗേറ്റ് വരെയാകും സച്ചിനടക്കമുള്ള പ്രമുഖർ ഓടുന്നത്. തുടർന്ന് സെൻട്രൽ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും. ചലച്ചിത്ര-രാഷ്ട്രീയ-സാമൂഹ്യ-കായിക രംഗത്തെ നിരവധി പ്രമുഖർ കൂട്ടയോട്ടത്തിൽ പങ്കെടുക്കും. കേരളത്തിലെ എല്ലാ ജില്ലകളിലും റൺ കേരള റണ്ണിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നുവെന്നും ഇത് കേരളത്തിൽ നടന്നിട്ടുള്ള ഏറ്റവും വലിയ കൂട്ടയോട്ടം ആകുമെന്നും അദ്ദഹേം പറഞ്ഞു.



പ്രായഭേദമന്യേ മലയാളികൾ ഒന്നിച്ചോടുന്നതാണ് റൺ കേരള റണ്ണിനെ വ്യത്യസ്തമാക്കുന്നത്. അതിന ഉത്തമ ഉദാഹരണം കോട്ടയത്തെ സെന്റ്. ആൻസ് സ്കൂളിൽ അദ്ധ്യാപികയായിരുന്ന 95 വയസ്സുകാരി ചെല്ലമ്മ ടീച്ചറാണ്. തന്റെ പഴയ സ്കൂളിൽ നിന്നും റൺ കേരള റണ്ണിൽ പങ്കെടുക്കണമെന്ന വാശിയിലാണ് ചെല്ലമ്മ ടീച്ചറെന്നും മന്ത്രി പറഞ്ഞു. മതസാഹോദര്യത്തിന്റെ വേദി കൂടിയാകും ഈ കൂട്ടയോട്ടമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പണി പൂർത്തിയായ സ്റ്റേഡിയങ്ങളുടെയും ഗെയിംസ് വില്ലേജിന്റെയും ഉദ്ഘാടന തീയ്യതികളും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിച്ചു. കുമാരപുരം ടെന്നീസ് കോംപ്ലക്സ് 14നും മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം 15നും ലോൺ ബോൾ കോർട്ട് 16നും ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കും.

തൃശ്ശൂർ ജില്ലയിലെ വി.കെ.എൻ ഇൻഡോർ സ്റ്റേഡിയം, കോർപ്പറേഷൻ സ്റ്റേഡിയം, ട്രാപ്പ് ആന്റ് സ്കീറ്റ് മത്സരങ്ങൾ നടക്കുന്ന പോലീസ് അക്കാദമി സ്റ്റേഡിയം തുടങ്ങിയ വേദികളുടെ ഉദ്ഘാടനം 22നും കേരള വാട്ടർ അതോറിറ്റിയുടെ സ്വിമ്മിംഗ് പൂൾ തിരുവന്തപുരം ടെന്നീസ് ക്ലബിലെ പ്രാക്ടീസ് കോർട്ട്, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച് എന്നിവയുടെ ഉദ്ഘാടനം 23നും നടക്കും. തുടർന്ന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം കൊല്ലം ഹോക്കി സ്റ്റേഡിയം എന്നിവയുടെ ഉദ്ഘാടനം യഥാക്രമം 24,26,27 തീയ്യതികളിൽ നടക്കും. ഗെയിംസിനായി മേനംകുളത്ത തയ്യാറാക്കിയ ഗെയിംസ് വില്ലേജിന്റെ ഗൃഹപ്രവേശം 28ന അഞ്ചുമണിക്ക് മുഖ്യന്ത്രി നിർവ്വഹിക്കും.